## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം:1536** 13.6.2014- ൽ മറുപടിക്ക്

**കൃഷി വകുപ്പിലെ സ്പെഷ്യൽ റൂൾ**

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ.കെ.രാജു | | ശ്രീ.കെ.പി.മോഹനൻ (കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| എ) | കൃഷി വകുപ്പിൽ സ്പെഷ്യൽ റൂൾ നിലവിലുണ്ടോ; ഇല്ലെങ്കിൽ ആയതിന്റെ കരട് പൂർത്തീകരിക്കപ്പെട്ടിട്ടുണ്ടോ; പ്രസ്തുത കരടിന്റെ പകർപ്പ് ലഭ്യമാക്കുമോ; | എ) | ഇല്ല. കേരള പബ്ലിക് സർവ്വീസ് കമ്മീഷനിലേക്ക് ഉപദേശത്തിനായി അയച്ചുകൊടുത്തിരിക്കുന്ന കൃഷി വകുപ്പിലെ സ്റ്റേറ്റ് സർവ്വീസ് സ്പെഷ്യൽ റൂളിന്റെ കരട് അനുബന്ധം - I ആയി ചേർത്തിട്ടുണ്ട്. |
| ബി) | മറ്റ് വകുപ്പുതല പരീക്ഷകൾ എല്ലാം തന്നെ വിജയിക്കുവാൻ വേണ്ട മിനിമം മാർക്ക് 40 ആയിരിക്കെ കൃഷി വകുപ്പിൽ കൃഷി അസിസ്റ്റന്റുമാർക്ക് കൃഷി ഓഫീസർ ആകാനുള്ള അർഹത നിർണ്ണയ പരീക്ഷയ്ക്ക് വിജയിക്കുവാനുള്ള മിനിമം മാർക്ക് 50 എന്നാണെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത വിവരം ബന്ധപ്പെട്ടവരുടെ ശ്രദ്ധയിൽപ്പെടുത്തി പരിഹരിക്കുന്നതിനുള്ള വകുപ്പുതല നടപടികൾ സ്വീകരിക്കുമോ? | ബി) | 21.2.1964-ലെ സ.ഉ (കൈ) നം.142/64/കൃഷി ഉത്തരവ് പ്രകാരം കൃഷി വകുപ്പിൽ കൃഷി അസിസ്റ്റന്റുമാർക്ക് കൃഷി ആഫീസർ ആകാനുള്ള അർഹത നിർണ്ണയ പരീക്ഷയ്ക്ക് വിജയിക്കുവാനുള്ള മിനിമം മാർക്ക് 50 ശതമാനമായി നിജപ്പെടുത്തിയിട്ടുണ്ട്. ഇത് ഭേദഗതി ചെയ്യുന്നതിനുള്ള നിർദ്ദേശങ്ങൾ ഒന്നും തന്നെ ഇപ്പോൾ സർക്കാരിന്റെ പരിഗണനയിൽ ഇല്ല. |

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**